KERALA KNOWLEDGE ECONOMY MISSION
K-DISC Kerala Development and Innovation Strategic Council



# എന്റെ തൊഴിൽ എന്റെ അഭിമാനം

വാർത്താപത്രിക
2023 ജൂലൈ 20

### നാല് തദ്ദേശസ്ഥാപനങ്ങളിൽ

## മൈക്രോപ്ലാൻ: മൂവായിരത്തോളം പേർ വിജ്ഞാനതൊഴിലിലേക്ക്

### അവസരമൊരുക്കിയത് രണ്ടുമാസത്തെ തീവ്രയജ്ഞപരിപാടി



നാല് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നായി വിജ്ഞാനതൊഴിൽ നേടിയത്
**2726**
പേർ

**കേരള** നോളെജ് ഇക്കോണമി മിഷന്റെ നേതൃത്വത്തിൽ നടത്തിയ മൈക്രോപ്ലാൻ തൊഴിൽ പദ്ധതിയിലൂടെ മൂവായിരത്തോളം പേർ വിജ്ഞാനതൊഴിലിന് അർഹതനേടി. രണ്ടുമാസത്തെ തീവ്രയജ്ഞ പരിശീലനപരിപാടിയായിരുന്നു തൊഴിലന്വേഷകർക്കായി ഒരുക്കിയത്. സംസ്ഥാനത്തെ നാല് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആദ്യഘട്ടത്തിൽ പദ്ധതി നടപ്പിലാക്കി. രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകർക്കായി നടത്തിയ തൊഴിൽമേളയിൽ 536 പേർക്ക് നിയമനം ലഭിച്ചു. 2190 പേർ നിയമന ചുരുക്കപ്പട്ടികയിൽ ഇടംനേടി. പദ്ധതിയുടെ രണ്ടാംഘട്ടത്തിനായി 405 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറായി മുന്നോട്ടുവന്നത് മൈക്രോപ്ലാനിന്റെ പ്രസക്തി എടുത്തുകാണിക്കുന്നു.

വിജ്ഞാനതൊഴിൽ അന്വേഷിക്കുന്നവർക്ക് മികച്ച അവസരങ്ങളാണ് നോളെജ് ഇക്കോണമി മിഷൻ മൈക്രോപ്ലാനിലൂടെ ഒരുക്കിയത്. അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരെ വിജ്ഞാന തൊഴിലിലേക്കെത്തിക്കുന്ന 'എന്റെ തൊഴിൽ എന്റെ അഭിമാനം' പദ്ധതിയുടെ ഭാഗമായി ആരംഭിച്ച പ്രത്യേക തൊഴിൽ പദ്ധതിയാണ് മൈക്രോപ്ലാൻ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കിയത്. ആദ്യഘട്ടത്തിൽ പദ്ധതിക്കായി കൊല്ലം കോർപ്പറേഷൻ, സുൽത്താൻ ബത്തേരി ബ്ലോക്ക്പഞ്ചായത്ത്, ബൈസൺവാലി ഗ്രാമപഞ്ചായത്ത്, പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് എന്നീ നാല് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയാണ് തിരഞ്ഞെടുത്തത്. അപേക്ഷയുടെ അടിസ്ഥാനത്തിലായിരുന്നു തദ്ദേശസ്ഥാപനങ്ങളുടെ തിരഞ്ഞെടുപ്പ്. കൊല്ലം കോർപ്പറേഷനിൽ 55 വാർഡുകളും പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിനുകീഴിൽ ആലങ്കോട്, മാറഞ്ചേരി, നന്നമുക്ക്, വെളിയങ്കോട്, പെരുമ്പടപ്പ് ഗ്രാമപഞ്ചായത്തുകളും ഉൾപ്പെടുന്നു. നെന്മേനി, നൂൽപ്പുഴ, മീനങ്ങാടി, അമ്പലവയൽ ഗ്രാമപഞ്ചായത്തുകൾ ചേർന്നതാണ് സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത്. ഈ തദ്ദേശസ്ഥാപനങ്ങളിലെ ഐ ടി ഐ/ ഡിപ്ലോമ / പ്ലസ്ടുവോ അതിനു മുകളിലോ യോഗ്യതയുള്ള DWMSൽ രജിസ്റ്റർ ചെയ്തവരെയാണ് പരിശീലനം നൽകി തൊഴിലിന് സജ്ജരാക്കി തൊഴിൽ മേളകളിൽ പങ്കെടുപ്പിച്ചത്. ഉദ്യോഗാർഥികളുടെ അഭിരുചിയും ആഭിമുഖ്യവും മനസ്സിലാക്കി ആവശ്യാനുസരണം കരിയർ കൗൺസിലിങ്, പേഴ്സണാലിറ്റി ഡവലപ്മെന്റ് ട്രെയിനിങ്, വർക്ക് റെഡിനസ് പ്രോഗ്രാം, റോബോട്ടിക് ഇന്റർവ്യൂ, ഇംഗ്ലീഷ് സ്കോർ ടെസ്റ്റ് തുടങ്ങിയ സേവനങ്ങൾ നൽകി തൊഴിൽ സജ്ജരാക്കുന്നു. ഇവർക്കായി പ്രത്യേക തൊഴിൽ മേളകൾ നടത്തി ഓഫർ ലെറ്റർ ലഭ്യമാക്കുന്നതുവരെയുള്ള പ്രവർത്തനങ്ങളാണ് മിഷൻ നടത്തുന്നത്. നാല് തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിൽ നടത്തിയ തൊഴിൽ മേളകളിലെ വമ്പിച്ച പങ്കാളിത്തം പദ്ധതിയുടെ വിജയത്തെ സൂചിപ്പിക്കുന്നു.

> **"അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരെ വിജ്ഞാന തൊഴിലിലേക്കെത്തിക്കുന്ന 'എന്റെ തൊഴിൽ എന്റെ അഭിമാനം' പദ്ധതിയുടെ ഭാഗമായി ആരംഭിച്ച പ്രത്യേക തൊഴിൽ പദ്ധതിയാണ് മൈക്രോപ്ലാൻ. ആദ്യഘട്ടത്തിൽ നാല് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി പൂർത്തിയാക്കി"**

**രണ്ടാംഘട്ടത്തിൽ 405 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പദ്ധതി വ്യാപിപ്പിക്കും**



# എഡിറ്റോറിയൽ

## പ്രാദേശികസാമ്പത്തിക സ്വാശ്രയത്വത്തിലേക്ക്...

ബഹുമാന്യരേ,

സാമൂഹ്യ ഉത്പാദനപ്രക്രിയയിൽ അറിവിന്റെ സംഭാവന ക്രിയാത്മകമായിരിക്കുക എന്നതാണ് പ്രധാനം. ആർജിച്ച അറിവിനെ വികസിപ്പിക്കാനും അതിലൂടെ കഴിയണം. അതുകൊണ്ട് അറിവിനെ അടിസ്ഥാനമാക്കിയുള്ളതും അറിവിന്റെ പ്രയോഗം ഉറപ്പുവരുത്തുന്നതുമായ തൊഴിൽ പ്രസക്തമാണ്.

പ്രാദേശിക സാമ്പത്തികവികസനം കൂടി ഉൾപ്പെടുന്നതാണ് കേരളം ലക്ഷ്യം വയ്ക്കുന്ന വിജ്ഞാനസമൂഹം. ഇക്കാര്യത്തിൽ പ്രാദേശിക സർക്കാരുകൾക്ക് ശ്രദ്ധിക്കാൻ കഴിഞ്ഞാൽ സംഭവിക്കുന്ന മാറ്റം മാതൃകാപരമായിരിക്കും. അത്തരമൊരു ഇടപെടലാണ് 'എന്റെ തൊഴിൽ എന്റെ അഭിമാനം' പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന മൈക്രോപ്ലാൻ.

രണ്ടുമാസക്കാലത്തെ തീവ്രയജ്ഞപരിപാടിയായാണ് നാല് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മൈക്രോപ്ലാൻ നടപ്പിലാക്കിയത്. സുൽത്താൻ ബത്തേരി, പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തുകളും ബൈസൺവാലി ഗ്രാമപഞ്ചായത്തും കൊല്ലം നഗരസഭയും സ്വയംസന്നദ്ധരായി മുന്നോട്ടുവന്നപ്പോൾ നോളെജ് ഇക്കോണമി മിഷൻ ആവശ്യമായ പിന്തുണ നൽകി. തൊഴിൽമേളയിൽ പങ്കെടുക്കാൻ തൊഴിലന്വേഷകരെ സജ്ജമാക്കാനായിരുന്നു ഈ ഘട്ടത്തിൽ മുൻഗണന. ഉയർന്ന നൈപുണ്യ പരിശീലനപരിപാടികളിലേക്ക് ഇനി കടക്കും.

കൂടുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിന്തുണതേടി മുന്നോട്ടുവരുന്നുണ്ട്. പ്രാദേശികസർക്കാരുകളുടെ കൂടി സഹകരണത്തോടെ 'എന്റെ തൊഴിൽ എന്റെ അഭിമാനം' പദ്ധതിയെ ലക്ഷ്യത്തിലെത്തിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ആദ്യഘട്ടം എന്നനിലയിൽ നാല് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയ മൈക്രോപ്ലാനിന്റെ നേട്ടങ്ങൾ ഒറ്റനോട്ടത്തിൽ അവതരിപ്പിക്കുകയാണ് ഈ വാർത്താപത്രികയിൽ.

സ്നേഹത്തോടെ

**ഡോ. പി.എസ് ശ്രീകല**
ഡയറക്ടർ (കെ.കെ.ഇ.എം)





ബൈസൺവാലി

# തൊഴിൽ മേള

ബൈസൺവാലിയിലെ മൈക്രോപ്ലാൻ തൊഴിൽമേള കുഞ്ചിത്തണ്ണി ഹോളി ഫാമിലി പബ്ലിക് സ്കൂളിൽ അഡ്വ. എ രാജ എംഎൽഎ ഉദ്ഘാടനം ചെയ്തു. ബൈസൺവാലി പഞ്ചായത്ത് പ്രസിഡന്റ് ബൈജു കൃഷ്ണൻകുട്ടി അധ്യക്ഷനായി. വൈസ് പ്രസിഡന്റ് കൊച്ചുറാണി ഷാജി, വാർഡ് മെമ്പർ സിജു ജേക്കബ്, ഐസിടി അക്കാദമി മാനേജർ വിധു വിൻസെന്റ്, സിഡിഎസ് ചെയർപേഴ്സൺ പ്രസീദ അജിത് തുടങ്ങിയവർ പങ്കെടുത്തു.

മൈക്രോപ്ലാൻ പദ്ധതിയുടെ ഭാഗമായി പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിൽ സംഘടിപ്പിച്ച തൊഴിൽമേള മാറഞ്ചേരി ഹയർ സെക്കൻഡറി സ്കൂളിൽ പി നന്ദകുമാർ എംഎൽഎ ഉദ്ഘാടനം ചെയ്തു. പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഇ സിന്ധു അധ്യക്ഷയായി. പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന മാറഞ്ചേരി, ആലങ്കോട്, പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ പി ബീന, കെ വി ഷഹീർ, ബിനീഷ മുസ്തഫ, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ സൗദാമിനി, ടി സത്യൻ, പി ടി അജയ്മോഹൻ, പി രാജൻ, കെ സി ശിഹാബ്, കെ ജെ അമൽദാസ് എന്നിവർ പങ്കെടുത്തു.

കൊല്ലം ബിഷപ്പ് ജെറോം എൻജിനീയറിങ് കോളേജിൽ നടന്ന മൈക്രോപ്ലാൻ തൊഴിൽമേള കോർപ്പറേഷൻ മേയർ പ്രസന്ന ഏണസ്റ്റ് ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി മേയർ കൊല്ലം മധു അധ്യക്ഷത വഹിച്ചു. ഇരവിപുരം എംഎൽഎ എം നൗഷാദ് മുഖ്യാതിഥിയായി. സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷരായ എസ് ഗീതാകുമാരി, എസ് ജയൻ, അഡ്വ. എ കെ സവാദ്, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ വിമൽ ചന്ദ്രൻ, കോളെജ് പ്രിൻസിപ്പാൾ ഡോ. ഡി റോഷൻ, ഐസിടി അക്കാദമി മാനേജർ വിധു വിൻസെന്റ്, സി ഐ ഐ കോ-ഓർഡിനേറ്റർ ജിഷ്ണു എന്നിവർ പങ്കെടുത്തു.

സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്തിൽ മൈക്രോപ്ലാൻ പദ്ധതിയുടെ ഭാഗമായി നടന്ന തൊഴിൽമേള അൽഫോൻസ കോളേജിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി അസൈനാർ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് അമ്പിളി സുധി അധ്യക്ഷയായി. മീനങ്ങാടി പഞ്ചായത്ത് പ്രസിഡന്റ് കെ ഇ വിനയൻ, സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷരായ അനീഷ് പി നായർ, എടക്കൽ മോഹനൻ, ലൈബ്രറി കൗൺസിൽ സെക്രട്ടറി ടി കെ സത്താർ, കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ പി ബാലസുബ്രഹ്മണ്യൻ, അൽഫോൻസാ കോളേജ് വൈസ് പ്രിൻസിപ്പാൾ പ്രവീണ, കാർഷിക വികസന ബാങ്ക് സെക്രട്ടറി വി വി ബേബി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കെ എസ് സജീഷ് എന്നിവർ പങ്കെടുത്തു.



പെരുമ്പടപ്പ്



കൊല്ലം കോർപ്പറേഷൻ



സുൽത്താൻ ബത്തേരി

### സുൽത്താൻ ബത്തേരി

| | |
|---|---|
| കരിയർ അസസ്മെന്റ് | 250 |
| കരിയർ കൗൺസിലിങ് | 255 |
| ഇംഗ്ലീഷ് സ്കോർ | 21 |
| റോബോട്ടിക് ഇന്റർവ്യൂ | 16 |
| പേഴ്സണാലിറ്റി ഡവലപ്മെന്റ് | 45 |
| വർക്ക് റെഡിനസ് പ്രോഗ്രാം | 116 |



കൊല്ലം കോർപ്പറേഷനിൽ മൈക്രോപ്ലാൻ പദ്ധതിയുടെ ഭാഗമായുള്ള പരിശീലനങ്ങൾ കൊല്ലം മേയർ പ്രസന്ന ഏണസ്റ്റ് ഉദ്ഘാടനം ചെയ്തു. വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഗീതാകുമാരി അധ്യക്ഷയായി.



ബൈസൺവാലിയിൽ നോളെജ് ഇക്കോണമി മിഷന്റെ വിജ്ഞാന തൊഴിൽ പരിശീലനങ്ങൾ അഡ്വ. എ രാജ എം എൽ എ ഉദ്ഘാടനം ചെയ്തു. ബൈസൺവാലി പഞ്ചായത്ത് പ്രസിഡന്റ് ബൈജു കൃഷ്ണൻകുട്ടി അധ്യക്ഷത വഹിച്ചു.



സുൽത്താൻ ബത്തേരിയിൽ മൈക്രോപ്ലാൻ സംഘാടക സമിതിരൂപീകരണ യോഗം നോളെജ് ഇക്കോണമി മിഷൻ ഡയറക്ടർ ഡോ. പി എസ് ശ്രീകല ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഡി അസൈനാർ അധ്യക്ഷനായി.

**കരിയർ കൗൺസിലിങ്**
**1729**
**പേർ**

**വർക്ക് റെഡിനസ് പ്രോഗ്രാമിൽ പങ്കെടുത്തത്**
**1416**
**പേർ**



പെരുമ്പടപ്പ് ബ്ലോക്കിലെ ആലങ്കോട് പഞ്ചായത്തിൽ നടന്ന ജോബ് ഓറിയന്റേഷൻ, കരിയർ ക്ലിനിക് പരിശീലന പരിപാടി പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഇ സിന്ധു ഉദ്ഘാടനം ചെയ്തു. ആലങ്കോട് പഞ്ചായത്ത് പ്രസിഡന്റ് ഷഹീർ അധ്യക്ഷനായി.



മൈക്രോപ്ലാൻ പദ്ധതിയുടെ ഭാഗമായി സുൽത്താൻ ബത്തേരി നൂൽപ്പുഴ പഞ്ചായത്തിലെ ജനപ്രതിനിധികൾക്കായുള്ള യോഗം നൂൽപ്പുഴ പഞ്ചായത്ത് പ്രസിഡന്റ് ഷീജയുടെ അധ്യക്ഷതയിൽ ചേർന്നു.

**നാല് തൊഴിൽ മേളകളിലായി**
**163**
**തൊഴിൽദാതാക്കൾ പങ്കെടുത്തു**

**മൈക്രോപ്ലാൻ തൊഴിൽമേളയുടെ ഭാഗമായി നാല് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആകെ**
**4498**
**അഭിമുഖങ്ങൾ**



പെരുമ്പടപ്പ് മൈക്രോപ്ലാൻ പദ്ധതിയുടെ സംഘാടകസമിതി യോഗത്തിൽ കേരള നോളെജ് ഇക്കോണമി മിഷൻ ഡയറക്ടർ ഡോ.പി എസ് ശ്രീകല പദ്ധതി വിശദീകരിക്കുന്നു.

## മൈക്രോപ്ലാൻ – മിഷന്റെ സേവനങ്ങൾ പ്രയോജനപ്പെടുത്തിയവർ

| | പെരുമ്പടപ്പ് | കൊല്ലം കോർപ്പറേഷൻ | ബൈസൺവാലി |
|---|---|---|---|
| കരിയർ അസസ്മെന്റ് | 329 | 879 | 82 |
| കരിയർ കൗൺസിലിങ് | 369 | 955 | 150 |
| ഇംഗ്ലീഷ് സ്കോർ | 11 | 121 | 6 |
| റോബോട്ടിക് ഇന്റർവ്യൂ | 20 | 85 | 4 |
| പേഴ്സണാലിറ്റി ഡവലപ്മെന്റ് | 28 | 49 | 4 |
| വർക്ക് റെഡിനസ് പ്രോഗ്രാം | 240 | 271 | 81 |

# നോളെജ് ഇക്കോണമി മിഷന്റെ വിവിധ പദ്ധതികൾ

- എന്റെ തൊഴിൽ എന്റെ അഭിമാനം
- തൊഴിലരങ്ങത്തേക്ക്
- പ്രൈഡ്
- സമഗ്ര
- തൊഴിൽതീരം
- എസ് സി പ്രോജക്ട്
- എസ് ടി പ്രോജക്ട്



പെരുമ്പടപ്പ് ആലങ്കോട് ഗ്രാമപഞ്ചായത്തിൽ നടന്ന വർക്ക് റെഡിനസ് പ്രോഗ്രാം



കൊല്ലം കോർപ്പറേഷനിൽ മൈക്രോപ്ലാൻ പദ്ധതിയുടെ ഭാഗമായുള്ള പരിശീലനത്തിൽ പങ്കെടുക്കാനെത്തിയ ഉദ്യോഗാർഥികൾ



പെരുമ്പടപ്പിൽ സംഘടിപ്പിച്ച ജോബ് ഓറിയന്റേഷൻ, കരിയർ ക്ലിനിക് പരിശീലന പരിപാടിയിൽ പങ്കെടുക്കാനെത്തിയ ഉദ്യോഗാർഥി



ബൈസൺവാലിയിൽ മൈക്രോപ്ലാനിന്റെ ഭാഗമായി സംഘടിപ്പിച്ച തൊഴിൽമേളയിൽ പങ്കെടുക്കാനെത്തിയവർ



ബൈസൺവാലിയിൽ സംഘടിപ്പിച്ച ജോബ് ഓറിയന്റേഷൻ, കരിയർ ക്ലിനിക് പരിശീലന പരിപാടി.



സുൽത്താൻ ബത്തേരി അമ്പലവയൽ ഗ്രാമപഞ്ചായത്തിൽ നടന്ന വർക്ക് റെഡിനസ് പ്രോഗ്രാം



സുൽത്താൻ ബത്തേരി നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പ്രവർത്തകർക്ക് ഡി ഡബ്ല്യു എം എസ് പ്രവർത്തനങ്ങളും മൈക്രോപ്ലാൻ തൊഴിൽമേളയും വിശദീകരിക്കുന്ന കമ്മ്യൂണിറ്റി അംബാസിഡർ നിഷിത.

Edited, Printed & Published by Dr. P.S.Sreekala, Director, Kerala Knowledge Economy Mission, 4th Floor, Carmel Towers, Vazhuthacaud, Thiruvananthapuram.
Editor : Shaimy E.P. Design: Mrinal. Printed at Color Track Communication, Tvpm. Ph: 9447719387

കൂടുതൽ വിവരങ്ങൾക്ക് അതാത് സി ഡി എസിലെ കമ്മ്യൂണിറ്റി അംബാസിഡറുമായി ബന്ധപ്പെടുക.